പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ.*369

12.05.2017 -ലെ മറുപടിയ്ക്ക്

## പുതിയ തൊഴിൽ അവസരങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ. എൻ.ഷംസുദ്ദീൻ<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ശ്രീ. സി.മമ്മൂട്ടി: | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>( തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) എത്രത്തോളം പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാമെന്ന വാഗ്ദാനം നൽകിയാണ് ഈ സർക്കാർ അധികാരമേറ്റത്;<br><br>(ബി) പ്രസ്തുത വാഗ്ദാനം പാലിക്കാനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | എ) &ബി) തൊഴിൽ വകുപ്പിന് കീഴിൽ സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയുള്ള നിയമന നടപടികൾ ത്വരിതപ്പെടുത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അതിനൊപ്പം 'നിയുക്തി' ജോബ്ഫെയർ മുഖേനയും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയുള്ള ജോബ് ഡ്രൈവുകൾ വഴിയും സ്വകാര്യ മേഖലയിൽ നിലവിലുള്ള തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് പരമാവധി ലഭ്യമാക്കി വരുന്നു. |
| സി) ഏതൊക്കെ മേഖലകളിൽ എത്രയൊക്കെ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാവുമെന്നാണ് കരുതുന്നത്; വിശദമാക്കുമോ? | സി) തൊഴിൽ വിപണിക്ക് അനുസരിച്ച് തൊഴിൽ സാധ്യതയേറിയ മേഖലകൾക്ക് മുൻതൂക്കം നൽകി തൊഴിൽ വകുപ്പിന് കീഴിലുള്ള കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് ( KASE) പരിശീലന പദ്ധതികൾ വിഭാവന ചെയ്യുന്നത്. നഴ്സിംഗ്, സെക്യൂരിറ്റി സർവീസസ്. ഓയിൽ ആന്റ് ഗ്യാസ്, ടീച്ചിംഗ്, എന്റർപ്രെണർഷിപ്, വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ്, ആരോഗ്യ സൗന്ദര്യ സംരക്ഷണം, ബാങ്കിംഗ് ആൻഡ് ഫിനാൻസ്, മറൈൻ, ഇൻഡസ്ട്രിയൽ ഓട്ടോമേഷൻ, പെട്രോളിയം, ആയുർവേദം, മൾട്ടി മീഡിയ ആൻറ് ആനിമേഷൻ, ആർക്കിടെക്ചർ ആൻറ് ഇന്റീരിയർ ഡിസൈൻ, ഫിസിയോതെറാപ്പി, ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി, എഞ്ചിനീറിംഗ്, തുടങ്ങി വിവിധ മേഖലകളിൽ ഇതിനോടകം പരിശീലന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. തുടർന്നും വൈവിധ്യമാർന്ന തൊഴിൽ സാധ്യതയുള്ള മേഖലകളിൽ നിന്നും നിർദ്ദേശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് മുൻഗണന നൽകി പരിശീലന പദ്ധതികൾ നടപ്പിലാക്കുന്നതാണ്. |

Sreedevi

**സെക്ഷൻ ഓഫീസർ**